

കേരള സർക്കാർ

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി,
2011-12, 2012-13 വർഷ ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

നം.കെ.എസ്.എ.റ്റി.വി.എം.മിസ്.1/977 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.
തീയതി :08.07.2019

ഫോൺ 0471-2331231

e-mail- lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

സെക്രട്ടറി
കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി
തിരുവനന്തപുരം

സർ,

വിഷയം: തിരുവനന്തപുരം ജില്ലയിലെ കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, തിരുവനന്തപുരത്തിന്റെ 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് അയയ്ക്കുന്നത് സംബന്ധിച്ച് -

തിരുവനന്തപുരം ജില്ലയിലെ കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, തിരുവനന്തപുരത്തിന്റെ 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് താങ്കളുടെ അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായും അയയ്ക്കുന്നു.

വിശ്വസ്തതയോടെ ,

ഒപ്പ്
ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) ഓഫീസ് കോപ്പി.

നം.കെ.എസ്.എ.റ്റി.വി.എം.മിസ്.1/977/2019 തീയതി : 08.07.2019

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, തിരുവനന്തപുരത്തിന്റെ 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട : ശ്രീ.മുഹമ്മദ് നിസാർ.എ

ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും ജോയിന്റ് ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ചസമയം : 13.05.2019 മുതൽ 21.05.2019വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം : ശ്രീമതി.സിന്ധുലാബീവി.എം

ഓഡിറ്റ് ഓഫീസർ

ശ്രീ.അനിൽകുമാർ.ആർ

സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ആശ.ജി.ആർ

സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ബിന്ദുലത ബി.പി

സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.അനിഷ എസ്.ബി

സീനിയർ ഗ്രേഡ് ഓഡിറ്റർ

നിർവ്വഹണാധികാരികൾ	:	
സെക്രട്ടറി	:	ശ്രീ.എ.ഗോകുലേന്ദ്രൻ (01.04.2011 മുതൽ 07.08.2011വരെ)
	:	ശ്രീ.ബാബു കുഴിമറ്റം (08.08.2011 മുതൽ 31.03.2013വരെ)

ഭാഗം -1

പൊതു അവലോകനം

1-1 ആമുഖം

1955 ലെ തിരുവിതാംകൂർ-കൊച്ചി-ശാസ്ത്ര സാഹിത്യ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട് (രജി.നം.946/95 തീയതി 08.02.1995). ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നത് ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കൗൺസിലുമാണ്.

സാംസ്കാരിക വകുപ്പ് മന്ത്രി ചെയർമാനായും സാംസ്കാരിക വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനുമായുള്ള ജനറൽ കൗൺസിലിൽ ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി സെക്രട്ടറി ഉൾപ്പെടെ രണ്ടു വിദഗ്ധരും, നാമനിർദ്ദേശം ചെയ്യപ്പെട്ട 9 മെമ്പർ മാരുമാണുള്ളത്.

എക്സിക്യൂട്ടീവ് കൗൺസിലിലുള്ള 9 മെമ്പർമാരിൽ ചെയർമാൻ, വൈസ് ചെയർമാൻ, സെക്രട്ടറി, വിദഗ്ധ മെമ്പർ, എം.എൽ.എ, എം.പി ജനറൽ കൗൺസിലിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട രണ്ട് മെമ്പർമാർ, ജനറൽ കൗൺസിലിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു മെമ്പർ എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്.

1-2 ലക്ഷ്യവും പ്രവർത്തനവും

ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ, എന്നിവർ പ്രസിദ്ധീകരിക്കുന്ന ബുക്കുകളും ആനുകാലികങ്ങളും ജനങ്ങളിലെത്തിക്കുക എന്നതാണ് ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം. കൂടാതെ വിവിധ സ്ഥലങ്ങളിൽ പുസ്തകമേളകൾ, പുസ്തക പ്രദർശനങ്ങൾ എന്നിവ നടത്തി പുസ്തകങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കാനും അതുവഴി അവയുടെ വിൽപന കൂട്ടാനും നടപടികൾ സ്വീകരിച്ചു വരുന്നു.

1-3 ബജറ്റ്

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ മെമ്മോറാണ്ടത്തിൽ ഖണ്ഡിക 9 (4), ഖണ്ഡിക 13 (4) എന്നിവയിൽ ബജറ്റ് പാസാക്കി അംഗീകാരം വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും സ്ഥാപനം അത്തരത്തിൽ ബജറ്റ് പാസാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ഗവൺമെന്റിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നതിന് വേണ്ടി ഓരോ വർഷവും പ്രതീക്ഷിത ചെലവുകൾ സർക്കാരിന് സമർപ്പിക്കുന്നുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 40 - 44 പ്രകാരം ബജറ്റ് പാസ്സാക്കാതെ ചെലവുകൾ നടത്തുവാൻ പാടുള്ളതല്ല. സ്ഥാപനം വിവിധ ഇനങ്ങളിലായി 2011-12 ൽ 35784465/-രൂപയും 2012-13 ൽ 18649600/- രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് പാസാക്കി അംഗീകാരം വാങ്ങിയിട്ടില്ല. സ്ഥാപനത്തിന്റെ നിയമാനുസൃതവും സുഗമവുമായ പ്രവർത്തനത്തിന് ബജറ്റ് പാസാക്കി കമ്മിറ്റി അംഗീകരിക്കേണ്ടത് അനിവാര്യമാണ്. ബജറ്റ് പാസ്സാക്കാതെ തുക ചെലവഴിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

1-4 വാർഷിക കണക്കുകളിലെ അപാകതകൾ

എ) ഗ്രാന്റിനത്തിൽ ലഭ്യമായ തുകയുടെ വിശദാംശം ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

സ്ഥാപനത്തിലെ ഗ്രാന്റ് രജിസ്റ്റർ, ട്രഷറി സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 2011-12 , 2012-2013 സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായ സർക്കാർ ഗ്രാന്റിനത്തിലെ തുകകൾ വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല.

വിശദാംശം ചുവടെ

വർഷം	തുക		വരവ് വന്ന തീയതി (ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം)
	വാർഷിക ധനകാര്യപത്രിക പ്രകാരം	ഗ്രാന്റ് രജിസ്റ്റർ/ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം	
2011-12	5000000	3500000	27.7.11- 11.66 ലക്ഷം 13.12.11- 10 ലക്ഷം 27.03.12-13.34 ലക്ഷം ആകെ - 35ലക്ഷം
2012-13	3500000	4000000	6.11.12 - 20ലക്ഷം 14.2.13 - 15 ലക്ഷം 31.3.13 - 5 ലക്ഷം **ആകെ - 40 ലക്ഷം**

ബി) **വാർഷിക കണക്കുകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല**

സ്ഥാപനത്തിന്റെ 2011-12, 2012-13 ലെ വാർഷിക കണക്കുകൾ പ്രകാരമുള്ള വിവിധ ചെലവുകൾ സ്ഥാപനത്തിന്റെ പി.ഡി. അക്കൗണ്ട് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ.

ചെലവിനം	2011-12		2012-13	
	വാർഷിക കണക്കുകൾ പ്രകാരം	പി.ഡി. അക്കൗണ്ട് രജിസ്റ്റർ പ്രകാരം	വാർഷിക കണക്കുകൾ പ്രകാരം	പി.ഡി. അക്കൗണ്ട് രജിസ്റ്റർ പ്രകാരം
സാലറി, വേജസ്	3674726	3331084	3938124	4268009

ഓഫീസ് ചെലവുകൾ	413401	245000	495145	325000
വാടക	838455	454395	93845	616931

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 2/14.05.2019) പി.ഡി. അക്കൗണ്ട് രജിസ്റ്റർ പ്രകാരമുള്ള കണക്കുകളാണ് ശരിയെന്നും, വാർഷിക കണക്കുകളിൽ അപാകത ഉണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്. സ്ഥാപനത്തിന്റെ ബുക്ക്സ് ഓഫ് അക്കൗണ്ട്സ് പ്രകാരമുള്ള കൃത്യമായ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയതിന് വിശദീകരണം നൽകേണ്ടതുമാണ്.

സി) ആകെ വരവ് ചെലവു പി.ഡി. രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകൾ പ്രകാരമുള്ള ആകെ വരവു ചെലവുകൾ സ്ഥാപനത്തിന്റെ പി.ഡി. രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

	2011-12		2012-13	
	വാർഷിക കണക്കുകൾ പ്രകാരം	പി.ഡി. അക്കൗണ്ട് രജിസ്റ്റർ പ്രകാരം	വാർഷിക കണക്കുകൾ പ്രകാരം	പി.ഡി. അക്കൗണ്ട് രജിസ്റ്റർ പ്രകാരം
ആകെ ചെലവ്	35784465	38186880	18649600	22631588
ബുക്ക് മാർക്കിന്റെ തനതു വരവുകൾ	29222801	28720761	16086519	16488559

ഡി) വരവു രേഖപ്പെടുത്തുന്നതിന് ആധികാരിക രേഖകൾ സൂക്ഷിച്ചിട്ടില്ല

സ്ഥാപനത്തിന്റെ പുസ്തക വിൽപനയിൽ നിന്ന് ഡിഡി/ചെക്ക് മുഖേന ലഭിക്കുന്ന വരവ് ഡിഡി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിറ്റ വരവിനത്തിൽ ക്യാഷ് ആയി ലഭിക്കുന്ന തുകയുടെ വിവരങ്ങൾ ഉൾപ്പെടുന്ന രജിസ്റ്റർ പരിശോധനക്ക് ലഭ്യമായില്ല. ആയതിനാൽ വാർഷിക കണക്കുകൾ, പി.ഡി. രജിസ്റ്റർ എന്നിവ പ്രകാരമുള്ള വരവിന്റെ ആധികാരികത പരിശോധിക്കാനായില്ല.

1-5 പൊതുസഭ തീരുമാനങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല

27.3.2015 ലെ ജനറൽ കൗൺസിൽ യോഗം തീരുമാനം 2 ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. " ഡി.സി ബുക്ക്സ് ന് വി.ജെ.റ്റി ബ്രാഞ്ചിൽ നിന്നും ഹെഡ്ഓഫീസിൽ നിന്നും 2012 ൽ നൽകിയ 138000/- രൂപയുടെ ബുക്കുകളുടെ അക്കൗണ്ട് ബുക്ക് മാർക്ക് അക്കൗണ്ടിൽ പെടുത്താതെയും മാംഗോ ബുക്കുകൾ റിട്ടേൺ കൊടുത്തതിൽ അക്കൗണ്ടിൽ പെടുത്താത്ത 930297/- രൂപയുടെയും ഇടപാട് മുൻ മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് ശ്രീ.അജിത്ത് നടത്തിയതായി കണ്ടെത്തി. ശ്രീ.അജിത്ത്.ജി യുടെ വിശദീകരണം തേടുന്നതിനും ലഭിക്കാതെ വന്നാൽ വക്കീൽ നോട്ടീസ് അയക്കുന്നതിനും തീരുമാനിച്ചു." മേൽ തീരുമാന പ്രകാരം സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/15.05.2019) മറുപടി ലഭ്യമാക്കിയില്ല. പൊതുസഭയുടെ തീരുമാനത്തിനുമേൽ സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-6 ആഭ്യന്തര നിയന്ത്രണം

എ) വരവു കണക്കുകൾ യഥാവിധി സൂക്ഷിക്കുന്നില്ല

സ്ഥാപനത്തിന്റെ വരവ് കണക്കുകൾ ശരിയായ വിധം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സ്ഥാപനത്തിന്റെ വിപണന കേന്ദ്രങ്ങൾ, വിവിധ മേളകൾ, സഞ്ചരിക്കുന്ന പുസ്തകശാലകൾ, ഹെഡ് ഓഫീസ് സെയിൽസ് തുടങ്ങിയ വിവിധ മാർഗ്ഗങ്ങളിൽ കൂടി സ്ഥാപനത്തിന് ഭീമമായ തുക വരാവായി ലഭിക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള വരവുകൾ രേഖപ്പെടുത്തുന്നതിന് കളക്ഷൻ രജിസ്റ്റർ ഉപയോഗിക്കുന്നില്ല. കളക്ഷൻ തുക ക്യാഷ് ആയി ഹെഡ് ഓഫീസിൽ ഒടുക്കുമ്പോഴും, ഡിഡി/ചെക്ക് ആയി ഹെഡ് ഓഫീസിൽ നൽകുമ്പോഴും പ്രസ്തുത തുകയ്ക്കുള്ള കൈപ്പറ്റ് രസീത് നൽകുന്നില്ല.

ബി) ചെലവു കണക്കുകൾ യഥാവിധി സൂക്ഷിക്കുന്നില്ല

ബുക്ക് മാർക്കിന്റെ ചെലവിലെ മുഖ്യഭാഗവും പ്രസാധന ചെലവാണ്. പ്രസാധകരിൽ നിന്നും ബുക്കുകൾ സ്വീകരിച്ച് വിപണനം നടത്തുകയും, അതിൽ നിന്നുള്ള കമ്മിഷൻ ഉപയോഗിച്ച് ഓഫീസ് ചെലവുകൾ നടത്തുകയുമാണ് ബുക്ക് മാർക്കിന്റെ പ്രവർത്തന രീതി. പ്രസാധകരിൽ നിന്നും പുസ്തകങ്ങൾ കൈപ്പറ്റിയതും വിപണനം നടത്തിയതും വിപണനം അടിസ്ഥാനമാക്കി പ്രസാധകർക്ക് തുക നൽകിയതും സംബന്ധിച്ച രേഖകൾ സ്ഥാപനം യഥാവിധി സൂക്ഷിച്ചിട്ടില്ല.

സി) പ്ലാൻ, നോൺപ്ലാൻ ചെലവുകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നില്ല

സ്ഥാപനത്തിന് സർക്കാർ പ്ലാൻ ചെലവുകൾക്കായി ഗ്രാന്റ് അനുവദിക്കുന്നുണ്ട്. എന്നാൽ സ്വന്തമായി കെട്ടിടങ്ങളോ, മറ്റു ആസ്തികളോ നിലവിലില്ല (വാഹനങ്ങൾ, ജനറേറ്റർ തുടങ്ങിയ മൂവബിൾ ആസ്തികൾ ഒഴികെ) ഇക്കാരണങ്ങളാൽ സ്ഥാപനത്തിന് പ്ലാൻ ഇനത്തിലെ ചെലവുകൾ വളരെ കുറവാണ്. ആയതിനാൽ സർക്കാർ ഗ്രാന്റ് നോൺപ്ലാൻ ആവശ്യങ്ങൾക്കു ഉപയോഗിക്കപ്പെടുകയോ, അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതായോ വിലയിരുത്തുന്നു. പ്ലാൻ ഗ്രാന്റും തനതു വരവും ഒരേ അക്കൗണ്ടിൽ സൂക്ഷിച്ച് ചെലവു ചെയ്യുന്നതിനാൽ ആയത് വേർതിരിച്ചു തിട്ടപ്പെടുത്താനാകുന്നില്ല.

ഡി) രജിസ്ററുകളുടെ പരിപാലനം.

സ്ഥാപനത്തിലെ രജിസ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. രജിസ്ററുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. താഴെ പറയുന്ന രജിസ്റ്ററുകൾ സ്ഥാപനത്തിൽ പരിപാലിക്കുന്നില്ല.

1) ക്യാഷ് ബുക്ക്

2)രസീത് ബുക്കുകളുടെ സ്റ്റോക്കു രജിസ്ററർ.

3)ബിൽ രജിസ്ററർ.

4)ചെക്ക് ഇഷ്യൂ രജിസ്ററർ.

5)വരവ് രജിസ്ററർ

6) ചെലവ് രജിസ്ററർ.

7) പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ

ഭാഗം –2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 സർക്കാർ ഗ്രാന്റ്

വാർഷിക ധനകാര്യ പത്രിക പ്രകാരം 2011-12 വർഷം 50 ലക്ഷം രൂപ ഗ്രാന്റിനത്തിൽ വരവുണ്ട്. എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റിൽ 35 ലക്ഷം രൂപ താഴെപ്പറയും വിധം ക്രെഡിറ്റ് ചെയ്തിരിക്കുന്നു.

2011-12

ഗ്രാന്റ് ലഭിച്ച ഉത്തരവ്	തുക	ട്രഷറിയിൽ വരവ് വന്ന തീയതി
GO(Rt)no 362/2011/CAD dtd 5.7.11	1166000	27.7.2011
GO(Rt)no 512/2011/CAD dtd 19.10.11	1000000	13.12.2011
GO(Rt)no 176/2012/CAD dtd 23.3.2012	1334000	27.3.2012
	3500000	

2012-2013

2012-13 വർഷം AFS പ്രകാരം ഗ്രാന്റിനത്തിലുള്ള വരവ് 35 ലക്ഷം രൂപയാണ്. എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 40 ലക്ഷം രൂപ ഗ്രാന്റായി ക്രഡിറ്റ് ചെയ്തിരിക്കുന്നു.

ഗ്രാന്റ് ലഭിച്ച ഉത്തരവ്	തുക	ട്രഷറിയിൽ വരവ് വന്ന തീയതി
GO(Rt)No.490/2012/CAD dtd:13.1.2012	2000000	6.11.2012
GO(Rt)No.37/2013/CAD dtd:05.02.2013	1500000	14.2.2013
GO(Rt)No.140/2013/CAD dtd:31.03.2011	500000	31.3.2013
	4000000	

സർക്കാർ ഗ്രാന്റിന്റെ വിനിയോഗ സാക്ഷ്യപത്രം സർക്കാരിന് സമർപ്പിച്ചതിന്റെ രേഖകൾ വിനിയോഗ സാക്ഷ്യപത്രത്തിന്റെ പകർപ്പ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2-2 വരവ്- രേഖകൾ സൂക്ഷിക്കുന്നില്ല .

വാർഷിക ധനകാര്യ പത്രിക പ്രകാരം സ്ഥാപനത്തിന് ബുക്ക് വില്പനയിലൂടെ 2011-12 വർഷം 29222801/-രൂപയും 2012-13 വർഷം 15986519/- രൂപയും ലഭിച്ചിട്ടുണ്ട്. സ്ഥാപനത്തിന് പ്രധാനമായും ബ്രാഞ്ചുകളിൽ നിന്നും, പുസ്തക മേളകളിൽ നിന്നും , സഞ്ചരിക്കുന്ന പുസ്തകശാലകളിൽ നിന്നുമാണ് വരവുള്ളത്. ഹെഡ് ഓഫീസ് ക്യാഷ് സെയിൽസ്, വി.ജെ.ടി ബ്രാഞ്ചിൽ നിന്നും ലഭിക്കുന്ന വരവുകൾ എന്നിവ പണമായാണ് ലഭിക്കുന്നത്. മറ്റ് വരവുകൾ ഡി.ഡി/ചെക്കായും സ്ഥാപനത്തിന് ലഭിക്കുന്നു. സ്ഥാപനത്തിന് ലഭിക്കുന്ന വരവിന് രസീത് നൽകുകയോ, ദൈനംദിന വരവ് രേഖപ്പെടുത്തി വരവ് രജിസ്റ്റർ പരിപാലിക്കുകയോ ചെയ്യുന്നില്ല. പുസ്തക വില്പനക്കായി സ്ഥാപനം 3 കോപ്പി വീതമുള്ള 50 ബില്ലുകൾ ഉൾപ്പെടുന്ന ബുക്കാണ് ഉപയോഗിച്ച് വരുന്നത്. ഓരോ ബിൽ പ്രകാരവും സ്ഥാപനത്തിന് ലഭിക്കുന്ന വരവ് സംബന്ധിച്ചുള്ള വിശദാംശങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. ഡി.ഡി, ചെക്കുകളായി ലഭിക്കുന്ന വരവുകൾ ചെക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) ബിൽ ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനം ആകെ അച്ചടിച്ചതും വിവിധ ബ്രാഞ്ചുകളിൽ വിതരണം ചെയ്തതും ഉപയോഗ ശേഷം ബ്രാഞ്ചുകളിൽ നിന്നും തിരികെ ലഭിച്ചതുമായ ബിൽ ബുക്കുകളുടെ വിവരങ്ങൾ ലഭ്യമല്ല.

ബി) സ്ഥാപനം ലഭ്യമാക്കിയ രസീത് ബുക്കുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലഭ്യമാക്കിയ രസീത് 2011-12,2012-13 വർഷത്തേക്ക് ലഭിച്ചതാണെന്ന് ഉറപ്പുവരുത്തുവാനായിട്ടില്ല.

സി) രസീത് പ്രകാരം സ്ഥാപനത്തിന് ലഭിക്കേണ്ട വരവ് അക്കൗണ്ട് ചെയ്യുന്നതിലേക്കായി വരവ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല , ആയതിനാൽ സ്ഥാപനത്തിന് 2011-12,2012-13 വർഷം ബുക്ക് വില്പനയിലൂടെ ലഭിച്ച വരവിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ഡി) സ്ഥാപനത്തിന് 2011-12,2012-13 കാലയളവിൽ വിവിധ വിപണന കേന്ദ്രങ്ങളിൽ നിന്നും പുസ്തക വില്പനയിലൂടെ ലഭിച്ച വരവ്, സഞ്ചരിക്കുന്ന പുസ്തകശാലയിലൂടെ ലഭിച്ച വരവ് എന്നിവ യുടെ കൃത്യമായ കണക്കുകൾ സ്ഥാപനം എഴുതി സൂക്ഷിക്കുന്നില്ല.

ഓരോ മാസത്തെയും ആകെ വരവ് പി.ഡി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും പ്രസ്തുത വരവിന്റെ ഉറവിടം വ്യക്തമല്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവിന്റെ കൃത്യത ഓഡിറ്റിന് ഉറപ്പുവരുത്തുവാനായിട്ടില്ല.

സ്ഥാപനത്തിന് ലഭിക്കുന്ന വരവുകൾക്ക് രസീത് നൽകേണ്ടതും ദൈനംദിന വരവുകൾ രേഖപ്പെടുത്തി വരവ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. ബ്രാഞ്ചുകളിൽ നിന്നും, മേളകളിൽ നിന്നും സഞ്ചരിക്കുന്ന പുസ്തക ശാലയിൽ നിന്നും, സ്ഥാപനത്തിന് ലഭിക്കേണ്ട വരവ് കൃത്യമായും കാലതാമസം കൂടാതെയും ലഭിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതുമാണ്. മറ്റ് ബ്രാഞ്ചുകളിൽ നിന്നും ഡി.ഡി മുഖാന്തിരം ലഭിക്കുന്ന വരവിന്റെ കൃത്യത ഉറപ്പാക്കി ഡി.ഡി രജിസ്റ്ററിൽ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തി ക്യാഷ്ബുക്കിൽ വരവ് രേഖപ്പെടുത്തേണ്ടതുമാണ്. രസീത് ബുക്കുകൾക്കും ബിൽ ബുക്കുകൾക്കും സ്റ്റോക്ക് പരിപാലിക്കേണ്ടതാണ്.

2-3 ക്യാഷ് ബുക്ക് പരിപാലനം -അപാകതകൾ

കേരള ട്രഷറി കോഡ് 92(എ) പ്രകാരം സ്ഥാപനത്തിന്റെ എല്ലാ പണമിടപാടുകളും അതാതു ദിവസങ്ങളിൽ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ബുക്ക് മാർക്ക് TR -7 A മാതൃകയിലുള്ള ക്യാഷ് ബുക്കാണ് പരിപാലിച്ചിട്ടുള്ളതെങ്കിലും സ്ഥാപനത്തിന് ലഭിക്കുന്ന വരവുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

സ്ഥാപനത്തിന്റെ ട്രഷറി അക്കൗണ്ടിൽ 2011-12 ൽ 6418948/-രൂപയും 2012-13 ൽ 840313/- രൂപയും പണമായി ഒടുക്കിയിട്ടുണ്ട്. ടി തുകകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന്റെ ക്യാഷ്ബുക്കിൽ ഓരോ മാസവും ശമ്പളം, വാടക, യാത്രാബത്ത, ഓഫീസ് ചെലവുകൾ തുടങ്ങിയവക്കായി ട്രഷറിയിൽനിന്നും ചെക്ക് മുഖാന്തിരം പിൻവലിക്കുന്ന തുകയുടെ വരവ്, ചെലവ് വിശദാംശങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനത്തിന്റെ ക്യാഷ് സെയിൽസ് വരവ്, ചെലവ് വിശദാംശങ്ങൾ ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. പണമായി ലഭിക്കുന്ന വരവുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് മേലധികാരി ഉറപ്പു വരുത്തേണ്ടതുമാണ്. മാസാവസാനം ക്യാഷ്ബുക്കിലെ നീക്കിയിരിപ്പ് പാസ്ബുക്കിലെ തുകയുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2-4 ബിൽ ബുക്ക് പ്രകാരമുള്ള തുക ട്രഷറിയിൽ വന്നതിന്റെ വിവരങ്ങൾ ലഭ്യമല്ല

ബിൽ ബുക്ക് നം. 888 പ്രകാരം സ്ഥാപനത്തിന് ലഭിക്കേണ്ട താഴെ പറയുന്ന തുകകൾ ട്രഷറിയിൽ വരവ് വന്നതിന്റെ, വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

തീയതി	വില്പന നടത്തിയത് ആർക്ക്	തുക

26.3.13	H.M Govt UPS Vaduvathoor	20000
തീയതി രേഖപ്പെടുത്തിയിട്ടില്ല	സെക്രട്ടറി, മുണ്ടക്കയം ഗ്രാമ പഞ്ചായത്ത്	25000
തീയതി രേഖപ്പെടുത്തിയിട്ടില്ല	സെക്രട്ടറി വെളിയന്നൂർ ഗ്രാമ പഞ്ചായത്ത്	25000
5.4.13	H.M Govt LPS മുല്ലപ്പള്ളി	8206

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 14 ന് മറുപടി ലഭ്യമാക്കിയ മറുപടി പ്രകാരം വിവിധ മേളകളിലെ തുകകൾ മേള തീരുന്ന ദിവസം ഡി.ഡി ആയി ഹെഡ്ഓഫീസിൽ നൽകുന്നുവെന്നും സ്കൂളുകൾ അവരുടെ തുക മാറുന്ന തീയതിയിലുള്ള ബില്ല് ആവശ്യപ്പെടുന്നതു നിമിത്തമാണ് തീയതി ഇല്ലാതെ ബില്ല് നൽകുന്നതെന്ന് വിശദീകരിക്കുന്നു. നിയമാനുസൃതമായ അക്കൗണ്ടിംഗ് രീതി സ്ഥാപനം അവലംബിക്കാത്തതിനാലാണ് ഇത്തരത്തിലുള്ള ഇടപാടുകൾക്ക് അവസരം ഉണ്ടാകുന്നത്. ഇത് അധികൃതരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കണക്കാക്കുന്നു.

2-5 സെക്യൂരിറ്റി ഡെപ്പോസിറ്റ് -അപാകതകൾ

ബുക്ക്മാർക്കിന്റെ വിവിധ ബ്രാഞ്ചുകളിൽ പുതുതായി കരാർ വ്യവസ്ഥയിൽ ജോലിയ്ക്ക് പ്രവേശിക്കുന്നവർ 25,000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഒടുക്കേണ്ടതുണ്ട്. 2011-12, 2012-13 വർഷങ്ങളിൽ സെക്യൂരിറ്റി ഡെപ്പോസിറ്റിനത്തിൽ, ബോണ്ട് രജിസ്റ്റർ പ്രകാരം വരവുള്ള തുകയും വാർഷിക ധനകാര്യപത്രികയിലെ തുകയുമായി താഴെപ്പറയും വിധം വ്യത്യാസപ്പെട്ടിരിക്കുന്നു.

വർഷം	വരവ്	
	ധനകാര്യപത്രിക പ്രകാരം	ബോണ്ട് രജിസ്റ്റർ പ്രകാരം
2011-12	0	8,00,000
2012-13	1,00,000	1,50,000

ബോണ്ട് രജിസ്ററർ പ്രകാരം ഒരു വർഷത്തേയ്ക്കാണ് ബോണ്ടിന്റെ കാലാവധി. കാലാവധി അവസാനിക്കുന്ന മുറയ്ക്ക് കരാർ പുതുക്കുകയോ ബോണ്ട് തുക തിരികെ നൽകുകയോ ചെയ്ത രേഖകൾ, കരാർ ജീവനക്കാരെ തെരഞ്ഞെടുത്ത ജനറൽ കൗൺസിൽ തീരുമാനം, ജീവനക്കാരുടെ നിയമനം സംബന്ധിച്ച ഫയൽ, കരാർ നീട്ടിക്കൊടുക്കുന്നതിനുള്ള കൗൺസിൽ തീരുമാനം തുടങ്ങിയ രേഖകൾ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം. 3/14.05.19). ആയതിനാൽ ബോണ്ടിനത്തിൽ ലഭിച്ച തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം 2011-12,12-13 സാമ്പത്തിക വർഷങ്ങളിലായി ആകെ 50,000/-രൂപ മാത്രമാണ് തിരികെ നൽകിയിരിക്കുന്നത് .

ബോണ്ട് രജിസ്ററിൽ ജീവനക്കാരന്റെ പേരിനോടൊപ്പം ഉദ്യോഗപ്പേര്, ജോലി ചെയ്യുന്ന ബ്രാഞ്ച് , കരാർ നം തീയതി എന്നീ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 പ്ലാൻ ഇനത്തിൽ ലഭ്യമായ തുക നോൺ പ്ലാൻ ചെലവുകൾക്ക് വിനിയോഗിക്കുന്നു.

ഓഡിറ്റിന് ലഭ്യമാക്കിയ 2012-13 വർഷത്തെ ധനാഭ്യർത്ഥന കുറിപ്പുകൾ, അധികധനാഭ്യർത്ഥനയ്ക്കുള്ള അപേക്ഷ, മിനിട്സ് ബുക്ക് (ജനുവരി 2013 മുതലുള്ള) എന്നിവ പ്രകാരം സർക്കാർ ബുക്ക് മാർക്കിന് നാളിതുവരെ നോൺപ്ലാൻ വിഹിതത്തിൽ ഫണ്ട് അനുവദിച്ചിട്ടില്ല എന്ന് കാണുന്നു.

സർക്കാർ ഗ്രാന്റായി 2011-12, 2012-13 വർഷങ്ങളിൽ (ധനകാര്യപത്രിക പ്രകാരം) യഥാക്രമം 50 ലക്ഷം, 35 ലക്ഷം രൂപ വീതം പ്ലാൻ ഫണ്ടിനത്തിൽ ലഭ്യമായിട്ടുണ്ട്.

മേൽ വർഷങ്ങളിലെ വാർഷികധനകാര്യത്രിക പ്രകാരമുള്ള ചെലവ് ചുവടെ ചേർക്കുന്നു

വർഷം	ചെലവ്	2011-12	2012-13
ഇനം	ഇനം	തുക	തുക
	സാലറി , വേജസ്	3674726	3938124

വാടക	838455	93845
ഓഫീസ് ചെലവുകൾ (ഹെഡോഫീസ് , ബ്രാഞ്ച്)	413401	495145
അഡ്വക്കേറ്റ് ഫീസ്	8500	3000
ടി.ഡി.പി.എ ബ്രാഞ്ച് മാറ്റം	100000	94000
എക്സിബിഷൻ ചെലവുകൾ	39800	50695
ജനറേറർ	82180	-
ടി.എ, ഡി.എ സെക്രട്ടറി, സ്റ്റാഫ്, എക്സി മെമ്പേഴ്സ്	53095	64403
ആലപ്പുഴ ബ്രാഞ്ച് ഓപ്പണിംഗ് (ഫർണിഷിംഗ് ചെലവുകൾ)	758841	-
സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകിയത്	50000	-
ഡി.എ അരിയർ, പെൻഷൻ	29765467	13009
ഡെലിവറി വാൻ	-	693017
പബ്ലിഷർക്ക് നൽകിയത്	-	13204362

-

മേൽ ചെലവുപത്രിക പ്രകാരം 2011-12 വർഷത്തെ ജനറേറ്റർ എന്നയിനത്തിലെ ചെലവായ 82180/- രൂപയൊഴികെയുള്ള (ചെലവുരേഖകൾ, വൗച്ചറുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല) മറ്റു ചെലവുകൾ നോൺ പ്ലാനിനത്തിലെ ചെലവുകൾ ആണ്. പ്ലാൻ വിഭാഗത്തിൽ ലഭ്യമായ തുക വകമാറ്റി നോൺ പ്ലാനിനത്തിലെ ചെലവുകൾക്കായി വിനിയോഗിച്ചതായി വാർഷിക ധനകാര്യപത്രികയിൽ നിന്നും വ്യക്തമാകുന്നു. തുകയുടെ വിനിയോഗസാക്ഷ്യപത്രം സർക്കാരിലേയ്ക്ക് നൽകിയതിന്റെ പകർപ്പ്ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (18/18.05.2019) മുഖേന ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല.

ഗ്രാന്റ് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ (ജി.ഒ (ആർ.ടി) നം 176/2012/സി.എ.ഡി തിരുവനന്തപുരം തീയതി 23.03.12) ഗ്രാന്റ് തുക പ്ലാൻ ചെലവുകൾക്ക് മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിരുന്നു. സ്ഥിരം ആസ്തികൾ വർദ്ധിപ്പിക്കുന്നതിനോ നിലവിലുള്ള ആസ്തികളുടെ കഴിവ്, കാര്യക്ഷമത എന്നിവ മെച്ചപ്പെടുത്തുന്നതിനോ ആണ് പ്ലാൻഫണ്ട് ഉപയോഗിക്കേണ്ടതെന്നിരിക്കെ, നോൺപ്ലാൻ ചെലവുകൾക്കായി തുക ചെലവിടുന്നത് ക്രമവിരുദ്ധമാണ്. പ്രസ്തുത വിഷയം സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3-2 ഭാവിയിലെ ആവശ്യങ്ങൾക്കായി തുക മുൻകൂർ പിൻവലിച്ച് സൂക്ഷിക്കുന്നു.

സ്ഥാപനം ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ള തുകകൾ ചെലവാകാതെ അവശേഷിക്കുമ്പോഴും വീണ്ടും അതേ ഇനത്തിൽ തുക പിൻവലിക്കുന്നതായി കാണുന്നു.

ഉദാ- പ്രൈവറ്റ് പബ്ലിഷേഴ്സിന് നൽകുന്നതിനുള്ള തുക എന്ന നിലയിൽ 04.4.2011 മുതൽ ക്യാഷ് ബുക്കിൽ 44878/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്.12.05.11 വരെയുള്ള ക്യാഷ് ബുക്കിൽ ടി തുക നിലനിൽക്കുന്നു. 12.05.11 ന് ഈ ഇനത്തിൽ 75500/-(1747288 തീയതി 11.5.2011 തുക 721943/-) രൂപ കൂടി പിൻ വലിച്ചിട്ടുണ്ടെങ്കിലും ടി തുകയിൽ താഴെ പറയും പ്രകാരമാണ് ചെലവു വന്നിട്ടുള്ളത്

തീയതി	തുക
13.5.11	9550
18.5.11	3345
25.5.11	2565
26.5.11	3765

31.5.2011	100
7.6.11	3610
17.6.11	3550
21.6.11	735
24.6.11	250
29.6.11	1140
8.7.11	2970
13.7.11	1085
157.11	198
16.7.11	900
22.7.11	2300
26.7.11	5930
27.7.11	5571
29.7.11	701

മേൽ ചെലവുകൾക്ക് ശേഷം ഈ ഇനത്തിൽ 03.8.2011 ന് 69584/- രൂപ ബാക്കി നിന്നിട്ടും 03.08.11 ന് 75000/- (ചെക്ക് 1948962- തീയതി3.8.11) രൂപ പിൻവലിച്ചു.

ഇത്തരത്തിൽ മുൻകൂട്ടി അധികം തുക പിൻവലിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം സ്വകാര്യ പ്രസാധകർക്ക് 5000/- രൂപയിൽ താഴെ നൽകുന്ന പണമിടപാടുകൾക്കായി തുക മുൻകൂട്ടി പിൻവലിക്കുന്നതായി അറിയിച്ചു. എന്നാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. ഭാവിയിലെ ചെലവുകൾക്കായി തുക പണമായി പിൻവലിച്ച് സ്ഥാപനത്തിൽ സൂക്ഷിക്കുന്ന പ്രവണത അവസാനിപ്പിക്കേണ്ടതും, പ്രസാധകർക്ക് നൽകുന്ന തുക ചെക്കായി നൽകേണ്ടതുമാണ്.

ക്യാഷ് ബുക്ക് ശരിയായ മാതൃകയിൽ പരിപാലിക്കേണ്ടതും 1000/- രൂപയ്ക്കു മുകളിലുള്ള തുകകൾ പരമാവധി ചെക്ക് മുഖാന്തിരം നൽകേണ്ടതും, ഭാവിയിലെ ചെലവുകൾക്കായി അധികം തുക പിൻവലിച്ചു സൂക്ഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്.മുൻകൂർ രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. അവശ്യഘട്ടങ്ങളിലെ മുൻകൂറുകൾ, രജിസ്റ്റർ രേഖപ്പെടുത്തി മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്.

3-3 ടി.എ /ഡി.എ , ഡി.എ അരിയർ പെൻഷൻ അനുവദിച്ചത് -ചെലവുരേഖകൾ ഹാജരാക്കാത്തതിനാൽ 98,853/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(എ) ടി.എ /ഡി.എ, ഡി.എ അരിയർ പെൻഷൻ ഇനത്തിലെ തുകകൾ എ.എഫ്.എസിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

വർഷം	ഇനം	ചെലവ്	
		ധനകാര്യപത്രിക പ്രകാരം	പി.ഡി രജിസ്റ്റർ പ്രകാരം
2011-12	ടി.എ/ഡി.എ- സെക്രട്ടറി / സ്റ്റാഫ്	53,095	50,138

	ഡി.എ അരിയർ/പെൻഷൻ	2,97,65,467	1,18,418
2012-13	ടി.എ/ഡി.എ- സെക്രട്ടറി / സ്റ്റാഫ്	64,403	48,715
	ഡി.എ അരിയർ/പെൻഷൻ	13,009	10,725

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 8/14.05.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

(2) പി.ഡി രജിസ്റ്റർ , അക്വിറ്റൻസ് രജിസ്റ്റർ എന്നിവ പ്രകാരം 2012-13,2011-12 വർഷം ടി.എ/ഡി.എ (സെക്രട്ടറി, സ്റ്റാഫ്) എന്നയിനത്തിൽ ചുവടെ ചേർക്കും പ്രകാരം ചെലവുണ്ട്.

വർഷം	വർഷം (2012)	തുക	ചെക്ക് നം./ തീയതി / തുക	തുക കൈപ്പറ്റിയ വ്യക്തി
2011-12	ജൂൺ	7,535	1948946/3.6.11/ 528308/-	ശ്രീ .എ ഗോകുലേന്ദ്രൻ (സെക്രട്ടറി)
	ജൂലൈ	3,272	1948953/1.7.11/ 373398/-	ശ്രീ .എ ഗോകുലേന്ദ്രൻ (സെക്രട്ടറി)
	ഓഗസ്റ്റ്	3,702	1948962/03.8.11/ 59868/-	ശ്രീ .എ ഗോകുലേന്ദ്രൻ (സെക്രട്ടറി)
	സെപ്റ്റംബർ	1,904	1948973/2.9.11/ 434457/-	ശ്രീ .എ ഗോകുലേന്ദ്രൻ (സെക്രട്ടറി)
	നവംബർ	10,279	1948981/3.11.11/ 607884/-	ശ്രീ.ബാബുകുഴിമറ്റം (സെക്രട്ടറി)
	ഡിസംബർ	8,290 2,643	2875801/1.2.12/ 503051/-	ശ്രീ.ബാബുകുഴിമറ്റം (സെക്രട്ടറി) ശ്രീ.ഷിബു പി.വി (മാനേജർ)
	മാർച്ച്	12,513	2875819/02.03.12/ 607470/-	ശ്രീ.ബാബുകുഴിമറ്റം (സെക്രട്ടറി)
	ആകെ	**50,138**		
2012-13	മേയ്	13,516	2875867/****/ 455606/-	ശ്രീ.ബാബുകുഴിമറ്റം (സെക്രട്ടറി)
	ജൂലൈ	4,869	2875893/4.06.12/ 503393/-	ശ്രീ.ബാബുകുഴിമറ്റം (സെക്രട്ടറി)
	ഓഗസ്റ്റ്	8,700	2086732/24.08.12/ 557578/-	ശ്രീ.ബാബുകുഴിമറ്റം (സെക്രട്ടറി)
	ഒക്ടോബർ	8,051	2086740/1.11.12/ 390424/-	ശ്രീ.ബാബുകുഴിമറ്റം (സെക്രട്ടറി)
	ജനുവരി	12,589 990	2086763/1.02.13 / 2086763/-	ശ്രീ.ബാബുകുഴിമറ്റം (സെക്രട്ടറി) ശ്രീ നോബിൾ രാജ് (എൽ.ഡി.സി)

	ആകെ	**48,715**		

എന്നാൽ അംഗീകൃത ടൂർ പ്രോഗ്രാം, ടൂർ ഡയറി,ബില്ലുകൾ, വൗച്ചറുകൾ, മറ്റ് ഫയലുകൾ എന്നിവ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (8/14.05.2019) നൽകിയെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കുകയോ, മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ചെലവുരേഖകൾ ലഭ്യമാക്കാത്തതിനാൽ ടി.എ/ഡി.എ ഇനത്തിൽ ചെലവഴിച്ച 98,853/- രൂപ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.ചെലവ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-4 എക്സിബിഷൻ ചെലവുകൾ - രേഖകൾ ലഭ്യമാക്കിയില്ല-90,495/- രൂപയുടെ ചെലവ് വൃതടസ്സപ്പെടുത്തുന്നു.

2011-12,12-13 വർഷങ്ങളിലെ വാർഷിക ധനകാര്യപത്രിക പ്രകാരം എക്സിബിഷൻ ചെലവുകൾക്കായി യഥാക്രമം 39,800/- രൂപ, 50,695/-രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. ചെലവിനാധാരമായ രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം 17/18.05.19 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകൾ എത്രയും വേഗം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3-5 സ്ഥാപനത്തിലെ പുസ്തകങ്ങളുടെ സ്റ്റോക്ക് - അപാകതകൾ

വിവിധ സർക്കാർ വകുപ്പുകൾ, ഇൻസ്റ്റിറ്റ്യൂട്ടുകൾ, പ്രസാധകർ എന്നിവയിൽ നിന്നും ബുക്കുകൾ ലഭ്യമാക്കിയ ശേഷം പുസ്തക പ്രദർശനത്തിലൂടെയും സ്ഥാപനത്തിന്റെ വിവിധ ബ്രാഞ്ചുകൾ, പുസ്തകമേളകൾ, സഞ്ചരിക്കുന്ന പുസ്തകശാല എന്നിവ മുഖാന്തിരവും ബുക്കുകൾ വിൽക്കുന്നു. എന്നാൽ പുസ്തകങ്ങൾ ശരിയായ രീതിയിൽ സ്റ്റോക്കിലെടുക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2) പുസ്തകങ്ങളുടെ സ്റ്റോക്ക് വിവരങ്ങൾ പൂർണ്ണമല്ല.

വിവിധ പ്രസാധകരിൽ നിന്നും വില്പനയ്ക്കായി വാങ്ങുന്ന പുസ്തകങ്ങളുടെ സ്റ്റോക്ക് പരിശോധിച്ചതിൽ വില്പന നടത്തിയശേഷം ബാക്കിയുള്ള പുസ്തകങ്ങളുടെ സ്റ്റോക്ക് വിവരം പൂർണ്ണമായി രേഖപ്പെടുത്താത്തതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ബുക്ക് നം.	പുസ്തകത്തിന്റെ പേര്	സ്റ്റോക്കിലെടുത്ത തീയതി	എണ്ണം	അവസാനമായി സ്റ്റോക്ക് രേഖപ്പെടുത്തിയ തീയതി	ബാക്കി
13992	ഹോർത്തൂസ് മലബാറിക്കൽസ്	23.11.10	190	24.06.11	40
13993	ഇ.എം.എസും കേരളസമൂഹവും	രേഖപ്പെടുത്തിയിട്ടില്ല	190	24.06.11	157
14037	നേർമുഖം	21.06.10	100	15.09.11	34
14070	അമൃതാനന്ദമയിയും മയിലമ്മയും	30.11.2010	190	5.09.11	53
14394	സ്വാമി വിവേകാനന്ദൻ	14.09.11	100	18.10.11	50
14395	ശ്രീമത് ഹരിനാമകീർത്തനം	27.09.11	100	13.10.11	55
14398	ഭക്തിമാധുരി	27.09.11	100	18.10.11	60

14612	ദലമർമ്മരങ്ങൾ	17.01.2012	90	21.02.12	80
14643	അതിയാത്രകൾ യാത്രകൾ	15.02.12	450	13.7.2012	420
14662	സമകാലിക സമസ്യകൾ	21.03.12	100	28.04.12	95

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.23-ന് സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാറുണ്ടെന്നും നിലവിൽ കംപ്യൂട്ടർ സോഫ്റ്റ് വെയറിലും രജിസ്റ്ററിലും കൃത്യമായി വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന മറുപടി നൽകിയിട്ടുണ്ട്. എന്നാൽ സോഫ്റ്റ് വെയറിൽ സ്റ്റോക്ക് പരിശോധിച്ചതിൽ 2016-17 മുതലുള്ള സ്റ്റോക്ക് വിവരമാണ് കാണാൻ സാധിച്ചത്. സ്റ്റോക്ക് വിവരം കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും വിൽക്കാത്ത പുസ്തകങ്ങൾ പ്രസാധകർക്ക് തിരികെ നൽകിയിട്ടുണ്ടെങ്കിൽ ആ വിവരം രേഖപ്പെടുത്തി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

3) കെ.എഫ്.സി. വാല്യം 1 ആർട്ടിക്കിൾ 158 പ്രകാരം എല്ലാ വർഷാന്ത്യത്തിലും സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി, സ്റ്റോക്ക് രജിസ്റ്ററുമായി ഒത്തുനോക്കി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബുക്ക്മാർക്ക് പുസ്തകങ്ങളുടെ സ്റ്റോക്ക് വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) വില്പന ലഭിക്കാതെ കെട്ടികിടക്കുന്ന പഴയ പുസ്തകങ്ങളുടെ മേൽ (ഡെഡ് സ്റ്റോക്ക്) തുടർനടപടികൾ സ്വീകരിക്കുന്നില്ല. സ്ഥാപനത്തിലെ ഡെഡ് സ്റ്റോക്കിന്റെ വിശദാംശങ്ങൾ, ഡെഡ് സ്റ്റോക്ക് ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ അന്വേഷിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/15.05.2019) മറുപടി ലഭ്യമാക്കിയില്ല.

3-6 വാടകക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായില്ല

വാർഷിക കണക്കുകൾ പ്രകാരം വാടകയിനത്തിൽ ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 8,38,455/- രൂപ, 93,845/- രൂപ ചെലവു വന്നിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ചെലവു രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം, വാടക നിരക്ക്, ബന്ധപ്പെട്ട കരാറുകൾ എന്നിവ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/14.05.2019) വാടക രജിസ്റ്റർ പരിശോധനക്കു ലഭ്യമാക്കാമെന്നറിയിച്ചുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ കെട്ടിടങ്ങൾ വാടകക്ക് എടുക്കുന്നതിന് പൊതു മരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്നും, വാടക നിരക്ക് നിർണ്ണയിച്ചതിനുള്ള മാനദണ്ഡം എന്നിവയൊന്നും പരിശോധിക്കാനായില്ല.

2011-12 സാമ്പത്തിക വർഷത്തിൽ വി.ജെ.റ്റി. ശാഖയുടെ വാടക കുടിശ്ശികയിനത്തിൽ 3,06,000/- രൂപ (ചെക്ക് നം. 1747288/11.05.2011) ചെലവു ചെയ്തതിട്ടുണ്ട്. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട് വാടക രജിസ്റ്റർ, വാടക കരാർ, കുടിശ്ശിക ഡിമാന്റ് നോട്ടീസ്, കുടിശ്ശിക കാലയളവ്, തുക കൈപ്പറ്റിയതിനുള്ള രേഖകൾ എന്നിവ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/17.05.2019) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 3,06,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-7 ശമ്പളാനുകൂല്യങ്ങൾ അനുവദിച്ചതിലെ അപാകങ്ങൾ.

ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ വാർഷിക കണക്കുകൾ പ്രകാരം സാലറി, വേജസ് ഇനത്തിൽ 2011-12 ൽ 3674726/- രൂപയും, 2012-13 ൽ 3938124/-രൂപയും ചെലവു ചെയ്തിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ചെലവു രേഖകൾ അക്വിറ്റൻസ് രജിസ്റ്റർ, കരാർ, ദിവസവേതന ജീവനക്കാരുടെ നിയമനം സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യമായില്ല. ജനുവരി 2012 മുതലുള്ള അക്വിറ്റൻസ് രജിസ്റ്റർ മാത്രമാണ് പരിശോധനക്കു ലഭ്യമായത്. കരാർ ജീവനക്കാർക്ക് ഭരണസമിതി നിശ്ചയിക്കുന്ന നിരക്കിലാണ് വേതനം അനുവദിക്കുന്നത് എന്ന് അറിയിച്ചുവെങ്കിലും ബന്ധപ്പെട്ട തീരുമാനം ലഭ്യമാക്കിയില്ല. കരാർ ജീവനക്കാരുടെ കരാർ ഓരോ വർഷവും പുതുക്കുന്നതായി അറിയിച്ചുവെങ്കിലും ഓഡിറ്റ് കാലയളവിലെ ജീവനക്കാർ സ്ഥാപിച്ച കരാറുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. 44 കരാർ ജീവനക്കാർ 2015 ഫെബ്രുവരിയിൽ സ്ഥാപനവുമായി സ്ഥാപിച്ചിട്ടുള്ള കരാർ പരിശോധനക്ക് ലഭ്യമാക്കിയെങ്കിലും, പ്രസ്തുത കരാറുകളിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിരുന്നില്ല. കൂടാതെ തുടർന്നുള്ള വർഷങ്ങളിൽ കരാർ പുതുക്കിയിട്ടുമില്ല.

2011 സാമ്പത്തിക വർഷത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്തിരുന്ന ജീവനക്കാർക്ക് ചുവടെ ചേർക്കും പ്രകാരം ശമ്പള കുടിശ്ശിക അനുവദിച്ചിട്ടുണ്ട്.

ജീവനക്കാരുടെ പേര് വിവരം	ചെലവു തുക	ചെക്ക് നം./തീയതി,തുക
സിന്ധു. ബി., എൽ.ഡി.സി.	11303	1948962/03.08.2011-595868

ഷിബു. പി.വി., യു.ഡി.സി.	53905	1948962/03.08.2011-595868
ആകെ	65208	

എന്നാൽ ഇതുമായി ബന്ധപ്പെട്ട ചെലവുരേഖകൾ - ജീവനക്കാരുടെ സേവന കാലയളവ്, അക്വിറ്റൻസ് രേഖകൾ, ഡ്യൂ-ഡ്രാൺ സ്റ്റേറ്റ്മെന്റ് എന്നിവ ഓഡിറ്റ് അന്വേഷണത്തിലൂടെ (നം. 15/17.05.2019) ലൂടെ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. മറുപടി/രേഖകളുടെ അഭാവത്തിൽ 65,208/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു. ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-8 സ്വകാര്യ പ്രസാധകർക്കു നൽകിയ തുകയുടെ ചെലവു രേഖകൾ ലഭ്യമായില്ല.

2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ സ്വകാര്യ പ്രസാധകർക്കു അനുവദിക്കുന്നതിലേക്കായി പി.ഡി. അക്കൗണ്ടിൽ നിന്നും പിൻവലിച്ച ചുവടെ ചേർക്കുന്ന തുകകൾക്കുള്ള ചെലവുരേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ക്രമ നം.	ട്രഷറിയിൽ നിന്നു പിൻവലിച്ച തുക	ചെക്ക് നം./തീയതി-തുക
1	75500	1747288/11.05.2011-721943
2	100000	2875801/01.02.2012-503051
3	100000	12875851/10.04.2012-595632
4	100000	2875893/04.06.2012-503393
5	100000	2086733/01.10.2012-523355
6	50000	2086756/19.12.2012-437235
7	100000	2086764/01.03.2013-472710
ആകെ	**625500**	

പ്രസാധകരുടെ കൈപ്പറ്റ് രേഖകൾ, ബുക്കുകൾ കൈപ്പറ്റി വിൽപന നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/17.05.2019) മറുപടി ലഭ്യമാക്കിയില്ല. മറുപടി/രേഖകളുടെ അഭാവത്തിൽ 625500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-9 ആലപ്പുഴ ബ്രാഞ്ച് ഓപ്പണിംഗ് - ചെലവിലെ അപാകതകൾ

2011-12 വാർഷിക കണക്കുകൾ പ്രകാരം ആലപ്പുഴ ബ്രാഞ്ച് ഓപ്പണിംഗിനായി 758841/- രൂപ ചെലവു ചെയ്തിട്ടുണ്ട്. എന്നാൽ പി.ഡി. രജിസ്റ്റർ പ്രകാരം 493383/- രൂപയുടെ ചെലവു മാത്രമാണ് ഈയിനത്തിൽ ഉണ്ടായിട്ടുള്ളത്. തുക ചെലവു ചെയ്തതു സംബന്ധിച്ച വിവരം ചുവടെ.

ചെലവു വിവരം	ചെലവു തുക	ചെക്ക് നം./തീയതി-തുക
ആലപ്പുഴ ബ്രാഞ്ച് ഓപ്പണിംഗ്	250000	1948981/03.11.2011-607884
ആലപ്പുഴ ബ്രാഞ്ച് ഓപ്പണിംഗ്	125000	1948985/23.11.2011-214021
കണ്ണൻ പി.വി., ആലപ്പുഴ ക്കു നൽകിയത്	118383	2875829/.03.2012-118386
ആകെ	**493383**	

ആലപ്പുഴ ബ്രാഞ്ചിന്റെ ഫർണിഷിംഗിനായി റാക്കുകൾ ലഭ്യമാക്കൽ, വൈദ്യുതീകരണം, പെയിന്റിംഗ് തുടങ്ങിയവയ്ക്കായി ബുക്ക് മാർക്ക് ക്വട്ടേഷൻ സ്വീകരിക്കുകയും, കുറഞ്ഞ ക്വട്ടേഷൻ നൽകിയ പി.വി.കെ. എഞ്ചിനീയറിംഗിനു ക്വട്ടേഷൻ അനുവദിക്കുകയും ചെയ്തു. ക്വോട്ട് ചെയ്ത നിരക്കുകൾ ഇപ്രകാരമാണ് –

മെറ്റീരിയൽ ചാർജ്ജസ്	-	328451
ലേബർ ചാർജ്ജസ്	-	103665
ആകെ	-	**436116**

ആകെ 432116 ആണെങ്കിലും ക്വട്ടേഷനിൽ 436116 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സപ്ലൈ ചെയ്യുവാനുള്ള ഓരോ ഇനം സാധനത്തിനുമുള്ള നിരക്കുകൾ പ്രത്യേകം ക്വോട്ട് ചെയ്യാതെ ആകെ നിരക്കാണു

രേഖപ്പെടുത്തിയിട്ടുള്ളത്. പി.വി.കെ. എഞ്ചിനീയറിംഗുമായി കരാർ വച്ചിട്ടില്ല. പ്രവൃത്തി പൂർത്തിയായ ശേഷം സ്ഥാപനം തുക അനുവദിക്കുന്നതിലേക്കായി ബിൽ നൽകിയിട്ടില്ല. ക്വട്ടേഷൻ പ്രകാരമുള്ള തുക തന്നെ അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. 493383/- രൂപയുടെ ചെലവ് ചെയ്തിട്ടുണ്ടെങ്കിലും 292730/-രൂപയുടെ കൈപ്പറ്റ് മാത്രമാണ് ഫയലിൽ ലഭ്യമായിരുന്നത്. 200653/- രൂപയുടെ ചെലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 200653/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചു മാത്രം വാങ്ങലുകൾ നടത്തുവാനും, സേവനങ്ങൾ ലഭ്യമാക്കുവാനും ശ്രദ്ധിക്കേണ്ടതും, രേഖകൾ ഫയലിൽ സൂക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

3-10 തൊടുപുഴ ശാഖ ഷിഫ്റ്റ് ചെയ്തത് - ചെലവു രേഖകൾ ലഭ്യമായില്ല.

വാർഷിക കണക്കുകൾ പ്രകാരം തൊടുപുഴ ശാഖ ഷിഫ്റ്റ് ചെയ്യുന്നതിലേക്കായി 2011-12 സാമ്പത്തിക വർഷത്തിൽ 100000 രൂപയും, 2012-13 സാമ്പത്തിക വർഷത്തിൽ 94000/- രൂപയും ചെലവു ചെയ്തിട്ടുണ്ട്. എന്നാൽ ഈയിനത്തിൽ പി.ഡി. രജിസ്റ്റർ പ്രകാരം ഉണ്ടായിട്ടുള്ള ചെലവു വിവരം ചുവടെ ചേർക്കുന്നു.

ചെലവു വിവരം	സാമ്പത്തിക വർഷം	ചെലവു തുക	ചെക്ക് നം./തീയതി-തുക
തൊടുപുഴ ശാഖ ഷിഫ്റ്റ് ചെയ്യുന്നതിനുള്ള മുൻകൂർ	2011-12	100000	2875819/02.03.2012-6007470
തൊടുപുഴ ശാഖ ഷിഫ്റ്റ് ചെയ്യുന്നതിനുള്ള മുൻകൂർ	2012-13	20000	2875867/.05.2012-455606
തൊടുപുഴ ശാഖ ഷിഫ്റ്റ് ചെയ്യുന്നതിനു	2012-13	94000	2086714/01.08.2012-559655
ആകെ		**214000**	

റാക്ക്, വൈദ്യുത ഉപകരണങ്ങൾ, പെയിന്റിംഗ് എന്നിവയ്ക്കായി ക്വട്ടേഷൻ സ്വീകരിക്കുകയും, കുറഞ്ഞ ക്വട്ടേഷൻ നൽകിയ പി.വി.കെ. എഞ്ചിനീയറിംഗിന്റെ ക്വട്ടേഷൻ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ക്വോട്ട് ചെയ്ത നിരക്കുകൾ ഇപ്രകാരമാണ് –

മെറ്റീരിയൽ ചാർജ്ജസ്	-	127832
ലേബർ ചാർജ്ജസ്	-	86168
ആകെ	-	**214000**

സപ്ലൈ ചെയ്യുവാനുള്ള ഓരോ ഇനം സാധനത്തിനുമുള്ള നിരക്കുകൾ പ്രത്യേകം ക്വോട്ട് ചെയ്യാതെ ആകെ നിരക്കാണ രേഖപ്പെടുത്തിയിട്ടുള്ളത്. പി.വി.കെ. എഞ്ചിനീയറിംഗുമായി കരാർ വച്ചിട്ടില്ല. പ്രവൃത്തിക്കായി സ്ഥാപനത്തിന് 214000/- രൂപയും പല തവണകളിലായി മുൻകൂർ ആയിട്ടാണ് അനുവദിച്ചത്. പൂർത്തിയായ ശേഷം സ്ഥാപനം ബിൽ നൽകി ഇത് ക്രമീകരിച്ചിട്ടില്ല.

സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചു മാത്രം വാങ്ങലുകൾ നടത്തുവാനും, സേവനങ്ങൾ ലഭ്യമാക്കുവാനും, രേഖകൾ ഫയലിൽ സൂക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

3-11 വിവിധ ചെലവുകളുടെ ചെലവു രേഖകൾ ലഭ്യമായില്ല – ചെലവു തുക തടസ്സപ്പെടുത്തുന്നു.

ചുവടെ ചേർക്കുന്ന ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ക്രമ നം.	ചെലവു വിവരം	ചെലവു തുക	ചെക്ക് നം./തീയതി-തുക	ലഭ്യമാക്കേണ്ട രേഖകൾ
1	കിരൺ സ്റ്റീൽ ഇൻഡസ്ട്രീസിന് നൽകിയത്	207455	2875830/.03 2012-207455	ചെലവു വൗച്ചറുകൾ, സ്റ്റോക്ക് രജിസ്റ്റർ
2	ഡെലിവറി വാൻ വാങ്ങിയത് (വഞ്ചിനാട് മോട്ടോർസിനു നൽകിയത്)	675361	2086712/01.08.2012-675361	ചെലവു വൗച്ചറുകൾ, സ്റ്റോക്ക് രജിസ്റ്റർ

3	ഹെഡ് ഓഫീസ് മെയിന്റനൻസ്	15690	2086763/01.12.2013-401654	ചെലവു വൗച്ചറുകൾ
4	ഹെഡ് ഓഫീസ് എക്സ്പൻസസ് ഫോർ മദ്രസ്സ	54320	2875819/02.03.2012-607470	ചെലവു വൗച്ചറുകൾ
5	ഹെഡ് ഓഫീസ് എക്സ്പൻസസ് ഫോർ എസ്.റ്റി.	86039	2875851/10.04.2012-607470	ചെലവു വൗച്ചറുകൾ
6	ഹെഡ് ഓഫീസ് എക്സ്പൻസസ് ഫോർ എസ്.സി (മാർച്ച്, ഏപ്രിൽ)	15000	2875867/.05.2012-455606	ചെലവു വൗച്ചറുകൾ
7	എക്സ്പെൻസസ് ഓഫ് ബത്തേരി ബ്രാഞ്ച്-എസ്.റ്റി ബുക്ക് വിതരണം	16900	2086714/01.08.2012-559655	ചെലവു വൗച്ചറുകൾ
8	പൊതുസഭ സമ്മേളന ചെലവുകൾ	5600	1747288/11.05.2011-721943	ചെലവു വൗച്ചറുകൾ
9	അക്ഷര വിളംബര ജാഥാ ചെലവ്	16703	1948978/04.10.2011-358295	ചെലവു വൗച്ചറുകൾ
ആകെ		**1093068**		

മേൽ പ്രകാരമുള്ള ചെലവുകൾ എന്ത് ആവശ്യത്തിനുള്ളതാണെന്നോ, ബുക്ക് മാർക്കിന്റെ ഏതെങ്കിലും സ്കീം/പ്രോജക്ടുകൾ പ്രകാരമുള്ളതാണെന്നോ വ്യക്തമല്ല. ചെലവു രേഖകളുടെയും, മറുപടിയുടെയും അഭാവത്തിൽ 1093068/- രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു.രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-12 സൺ സോഫ്റ്റ് വെയർ സൊല്യൂഷന് നൽകിയ തുകയുടെ ചെലവു രേഖകൾ ലഭ്യമായില്ല.

ബുക്ക്മാർക്കിന്റെ ആസ്ഥാന കാര്യാലയത്തിലും ശാഖകളിലും ഓൺലൈൻ ബില്ലിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിലേക്കായി സൺ സോഫ്റ്റ് വെയർ സെല്യൂഷന് 114000/- രൂപ (ചെക്ക് നമ്പർ-1747290 തീയതി 11.5.11) പ്രകാരം നൽകിയിട്ടുണ്ട്. 27.03.2015ലെ പൊതുസഭ തീരുമാനം 3 ൽ സൺസോഫ്റ്റ് വെയർ സൊല്യൂഷൻസ് പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ വക്കീൽ നോട്ടീസ് അയക്കുവാൻ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ലഭ്യമാക്കുവാനറിയിച്ചുവെങ്കിലും ആയത് ലഭ്യമാക്കിയില്ല. പ്രസ്തുത ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/15.05.2019) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ 114000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവുരേഖകൾ ലഭ്യമാക്കാൻ കഴിയാത്തപക്ഷം, തുക തിരികെ ഒടുക്കേണ്ടതാണ്.

3-13 പ്രസാധകർക്ക് നൽകിയ തുകയുടെ ചെലവ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

വിവിധ പ്രസാധകരിൽ നിന്നും കമ്മീഷൻ ഉൾപ്പെടെയുള്ള തുകയ്ക്ക് പുസ്തകങ്ങൾ വാങ്ങുകയും കമ്മീഷൻ സൊസൈറ്റിക്ക് ലഭ്യമാകുന്ന രീതിയിൽ ആവശ്യക്കാർക്ക് വില്പന നടത്തുന്ന രീതിയാണ് സൊസൈറ്റി അവലംബിച്ചിട്ടുള്ളത്.ഇത്തരത്തിൽ 2011-12,2012-13 സാമ്പത്തികവർഷങ്ങളിൽ വിവിധ പ്രസാധകരിൽ നിന്നും പുസ്തകങ്ങൾ വാങ്ങുകയും വില്പന നടത്തുകയും ചെയ്തിട്ടുണ്ട്.പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട് സ്ഥാപനത്തിലെ പി.ഡി രജിസ്റ്റർ,ചെക്കുകളുടെ കൗണ്ടർഫോയിൽ ,ചെക്ക് ഇഷ്യു രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011-12 സാമ്പത്തിക വർഷം വിവിധ ചെക്കുകൾ പ്രകാരം 33358302/- പ്രസാധകരിൽ നിന്നും പുസ്തകങ്ങൾ വാങ്ങിയതിന് തുക നൽകിയിട്ടുണ്ട്.എന്നാൽ പ്രസ്തുത ചെലവ് തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. 2012-13 സാമ്പത്തിക വർഷം പ്രസാധകർക്കായി 15541133/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ 13204362/- രൂപയാണ് പ്രസാധകർക്കുള്ള ചെലവ് തുകയായി കാണിച്ചിട്ടുള്ളത്.

3. 2011-12,2012-13 എന്നീ വർഷങ്ങളിൽ പ്രസാധകരിൽ നിന്നും ലഭ്യമായ ബിൽ /വൗചർ,വില്പന നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ/രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല,

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം16/19 തീ.18.05.2019-ന് ലഭ്യമാക്കിയ മറുപടിയിൽ രേഖകളിൽ കണ്ടെത്താൻ കഴിഞ്ഞവ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ളവ കിട്ടുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നുമാണ്. ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല. ട്രഷറി റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയുടെ അടിസ്ഥാനത്തിലാണ് സാമ്പത്തിക നില തയ്യാറാക്കിയിട്ടുള്ളത്.

വർഷം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
2011-12	10323107	34222801	44545908	35784465	8761443
2012-13	8761443	19586519	28347962	18649600	9698362

4-2 ഓഡിറ്റ് ചാർജ്ജ്

2011-12

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള
ആകെ വരവ് :34222801

കുറയ്ക്കുക

ലഭ്യമായ ഗ്രാന്റ് :5000000

ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്:29222801

ഓഡിറ്റ് ചാർജ്ജ് 1% നിരക്കിൽ : 292228/-

= = = =

2012-13

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള

ആകെ വരവ് : 19586519

കുറക്കുക

ലഭ്യമായ ഗ്രാന്റ് : 3500000

ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്:16086519

ഓഡിറ്റ് ചാർജ്ജ് 1% നിരക്കിൽ :160865.19

= = = =

31.03.2011 വരെ ഒടുക്കുവാൻ
അവശേഷിക്കുന്ന തുക : 1943081
2011-12 വർഷത്തെ ഓഡിറ്റ് ചാർജ്ജ് : 292228
2012-13 ലെ ഓഡിറ്റ് ചാർജ്ജ് :160865
31.03.2013 വരെയുള്ള ആകെ ഓഡിറ്റ് ചാർജ്ജ് : 2396174

ഓഡിറ്റ് ഫീസ് "0070-60-110-99 ഓഡിറ്റ് ചാർജ്ജ്" എന്ന ശീർഷകത്തിൽ ഒടുക്കി ഒറിജിനൽ ചെലാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് അയയ്ക്കേണ്ടതാണ്.

4-3 ഓഡിറ്റ് പ്രത്യവലോകനം

a) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷം	വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് മുന്നിരിപ്പ് ഉൾപ്പെടെ	വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ്
2011-12	34222801	35784465
2012-13	19586519	18649600

വരവിനങ്ങളിലുള്ള നഷ്ടം – ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക - 2503282
ചെലവിനങ്ങളിലെ നഷ്ടം – ഇല്ല

b) ബുക്ക് മാർക്ക് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

നഷ്ടമായ തുക – ഇല്ല

c) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

d) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസം
3-3	98853	ശ്രീ.ബാബു കുഴിമറ്റം
3-6	306000	ശ്രീ.എ.ഗോകുലേന്ദ്രൻ (സെക്രട്ടറി)
3-7	65208	ശ്രീ.എ.ഗോകുലേന്ദ്രൻ (സെക്രട്ടറി)
3-8	625500	ശ്രീ.ബാബു കുഴിമറ്റം
3-9	200653	ശ്രീ.ബാബു കുഴിമറ്റം
3-11	1093068	ശ്രീ.ബാബു കുഴിമറ്റം
3-12	114000	ശ്രീ.എ.ഗോകുലേന്ദ്രൻ (സെക്രട്ടറി)
ആകെ	2503282	

e) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.എ.ഗോകുലേന്ദ്രൻ (സെക്രട്ടറി) 01.04.2011 മുതൽ 07.08.2011 വരെ	-	വിഷ്ണു, നന്നുവക്കാട്, പത്തനംതിട്ട
ശ്രീ.ബാബു കുഴിമറ്റം 08.08.2011 മുതൽ 31.03.2013 വരെ	-	ബാബു കുഴിമറ്റം, കല്ലിയാങ്കൽ ഹൗസ്, കൊട്ടങ്ങാനൂർ, വട്ടിയൂർക്കാവ്

4-4 അനുബന്ധ പത്രികകൾ

കേരള ബുക്ക് മാർക്ക് സൊസൈറ്റിയും വരവു ചെലവു രേഖകൾ യാഥാവിധി സൂക്ഷിച്ചിട്ടില്ല.. ലഭ്യമാക്കിയ രേഖകൾ സ്ഥാപനത്തിന്റെ വരവു ചെലവു കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സ്ഥാപനം ലഭ്യമാക്കിയ വരവു ചെലവു പത്രിക പ്രകാരമുള്ള വിവരങ്ങളാണ് അനുബന്ധം 1, 2,3- ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അനുബന്ധം – 1
2011-12 വർഷത്തെ വരവ് ചെലവ് പത്രിക
അനുബന്ധം – 2
2012-13 വർഷത്തെ വരവ് ചെലവ് പത്രിക
അനുബന്ധം – 3
ഓഡിറ്റ് സാക്ഷ്യപത്രം

ഒപ്പ്

ജോയിന്റ് ഡയറക്ടർ

അനുബന്ധം 1

ബുക്ക് മാർക്ക് സൊസൈറ്റി വരവ് ചെലവ് പത്രിക 2011-12

(സ്ഥാപനം ലഭ്യമാക്കിയ വരവ് – ചെലവ് പത്രിക പ്രകാരമുള്ളത്)

വരവ്	തുക	ചെലവ്	തുക
മുന്നിരിപ്പ്	10323107	ശമ്പളവും വേതനവും	3674726
		ഓഫീസ് ചെലവുകൾ	413401
ഗവൺമെന്റ് ഗ്രാന്റ് (പദ്ധതി)	5000000	വാടക	838455
ബുക്ക് മാർക്ക് വരവ്	29222801	എക്സിബിഷൻ ചെലവുകൾ	39800
		അഡ്വക്കേറ്റ്ഫീസ്	8500
		ആലപ്പുഴ ബ്രാഞ്ച് ഓപ്പണിംഗ് ചെലവുകൾ	758841
		ബ്രാഞ്ച് ഷിഫ്റ്റിംഗ് ചെലവുകൾ	100000
		ജനറേറ്റർ ചെലവ്	82180
		റ്റി.എ/ഡി.എ	53095
		സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകിയത്	50000
		ഡി.എ.അരിയർ,പെൻഷൻ	29765467
		നിക്കിയിരിപ്പ്	**8761443**
ആകെ	**44545908**	**ആകെ**	**44545908**

ഒപ്പ്

ജോയിന്റ് ഡയറക്ടർ

അനുബന്ധം 2

ബുക്ക് മാർക്ക് സൊസൈറ്റി വരവ് ചെലവ് പത്രിക 2012-13

മുന്നിരിപ്പ്	8761443	ശമ്പളവും വേതനവും	3938124
		ഓഫീസ് ചെലവുകൾ	495145
		വാടക	93845
ബുക്ക് മാർക്ക് വരവ്	15986519	എക്സിബിഷൻ ചെലവുകൾ	50695
ഗവ.ഗ്രാന്റ്	3500000	അഡ്വക്കേറ്റ്ഫീസ്	3000
സെക്യാരിറ്റി ഡെപ്പോസിറ്റ്	100000		
		ബ്രാഞ്ച് ഷിഫ്റ്റിംഗ് ചെലവുകൾ	94000
		ഡെലിവറി വാൻ	693017
		റ്റി.എ/ഡി.എ	64403
		പബ്ലിഷേഴ്സ്ന് നൽകിയ തുക	13204362
		ഡി.എ.അരിയർ,പെൻഷൻ	13009
		നീക്കിയിരിപ്പ്	**9698362**
ആകെ	**28347962**	**ആകെ**	**28347962**

ഒപ്പ്
ജോയിന്റ് ഡയറക്ടർ

അനുബന്ധം – 3

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി തിരുവനന്തപുരത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ വരവ്, ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി സ്ഥാപനം ലഭ്യമാക്കിയ രജിസ്റ്ററുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലുള്ള ഓഡിറ്റ്

നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ പരാമർശങ്ങളായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഒപ്പ്
ജോയിന്റ് ഡയറക്ടർ